2. പുതിയ കൈയേറ്റങ്ങൾ അപ്പപ്പോൾത്തന്നെ ഒഴിപ്പിക്കുന്നു. (1-1-1977-നുശേഷമുള്ള എല്ലാ കൈയേറ്റങ്ങളും ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.)

3. വനപ്രദേശത്തെ ജനങ്ങളെക്കൂടി വനസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നു.

4. വനം കൈയേറ്റം തടയുന്നതിന് വനം വകുപ്പുദ്യോഗസ്ഥർ പട്രോളിംഗ് നടത്തുകയും വനാതിർത്തിയിലും വനാന്തരങ്ങളിലും പരിശോധന നടത്തുകയും ചെയ്യുന്നു.

5. വനം കൈയേറ്റക്കാർ കോടതികളിൽനിന്നും കരസ്ഥമാക്കിയ സ്റ്റേ ഉത്തരവുകൾ ഒഴിവാക്കാൻ ആവശ്യമായ അടിയന്തിരനടപടികൾ സ്വീകരിച്ചുവരുന്നു.

ഔഷധസസ്യങ്ങൾ ശേഖരിക്കുന്നതിന് ആദിവാസികൾക്ക് നിയന്ത്രണം

103 [1933] *ശ്രീ. തന്നാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജനവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് വനത്തിൽനിന്നും ഔഷധസസ്യങ്ങൾ ശേഖരിക്കുന്നതിന് വനം വകുപ്പ് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ നിയന്ത്രണങ്ങൾ ആണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതുമൂലം ആദിവാസികൾക്ക് ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ നിയന്ത്രണങ്ങളിൽ ഇളവു വരുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. വന്യജീവി നിയമത്തിലെ സെക്ഷൻ 29 പ്രകാരം വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളിൽനിന്നും വ്യാപാരാവശ്യത്തിന് വനോൽപ്പന്നങ്ങൾ ശേഖരിക്കുന്നത് നിരോധിച്ചിരിക്കുകയാണ്. എന്നാൽ സംരക്ഷണ കേന്ദ്രത്തിനകത്തും തൊട്ടു വെളിയിലും താമസിക്കുന്നവരുടെ സ്വന്തം ആവശ്യങ്ങൾക്കായി വനോൽപ്പന്നങ്ങൾ ശേഖരിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതിയോടെ അനുവാദം നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

2. ആദിവാസികൾക്ക് സ്വന്തം ആവശ്യത്തിനായി ലഭ്യമായ ഔഷധ സസ്യങ്ങൾ ശേഖരിക്കാവുന്നതാണ്. വിപണനത്തിനായി ഔഷധസസ്യങ്ങൾ ശേഖരിക്കുന്നപക്ഷം അവയുടെ നിലനിൽപ്പ് ഉറപ്പാക്കാൻ ആവശ്യമായ സൂക്ഷ്മാസൂത്രണരേഖകളുടെ അടിസ്ഥാനത്തിലേ ആകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വനാശ്രിത ആദിവാസികളും വനം വകുപ്പും ചേർന്ന് തയ്യാറാക്കിയ സൂക്ഷ്മാസൂത്രണരേഖയിൽ എന്തൊക്കെ വിഭവങ്ങൾ എവിടെയൊക്കെ എന്തുമാത്രം ഉണ്ടെന്നും അവയുടെ വംശനാശത്തിന് ഇടവരുത്താതെ എങ്ങനെ ശേഖരിക്കാമെന്നും വിശദമാക്കിയിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ശേഖരണം ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്.

(സി) മേൽപ്പറഞ്ഞ ഒന്നാം നിബന്ധന അനുസരിച്ച് ആദിവാസികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിലെ കനാലുകളും കാഡ പ്രോജക്ടിലെ ഫാം റോഡുകളും

104 [1934] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിൽ നടപ്പു സാമ്പത്തികവർഷം കനാലുകൾ ബലപ്പെടുത്തുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും ഇതിനായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും അറിയിക്കുമോ;

(ബി) കനാൽബണ്ട് റോഡുകൾ തകർന്ന് ഗതാഗതയോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പരിഹാരനടപടികളും അനുവദിച്ചിട്ടുള്ള തുകയും വെളിപ്പെടുത്തുമോ;

(സി) കാഡ പ്രോജക്ടിൽ ഫാം റോഡുകളുടെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം;

(ഡി) മേൽപ്രവൃത്തികളുടെയും പെരിയാർവാലി-കാഡ ഓഫീസുകൾ പുനഃക്രമീകരിക്കുന്നതിന്റെയും വിശദവിവരങ്ങൾ ചർച്ച ചെയ്യുന്നതിന് ജനപ്രതിനിധികൾ, കർഷക സംഘടനകൾ, ഉദ്യോഗസ്ഥർ മുതലായവരുടെ യോഗം അടിയന്തിരമായി വിളിച്ചുചേർക്കുമോ?

GPM. 2/566/2012—19

LIBRARY ARCHIVES Kerala Legislative Assembly